# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം -1363** — 01.07.2015- ൽ മറുപടിക്ക്

## തൃക്കടാരിപ്പൊയിൽ - ഇടുമ്പ - കണ്ണവം റോഡു നിർമ്മാണം

**ചോദ്യം**

**ശ്രീ. ഇ. പി. ജയരാജൻ**

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ തൃക്കടാരിപ്പൊയിൽ - ഇടുമ്പ - കണ്ണവം റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിലുള്ള കേസ്സ് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) സുപ്രീംകോടതി നിർദ്ദേശ പ്രകാരം നിലവിലെ കരാറുകാരൻ ചെയ്തു തീർത്ത പ്രവൃത്തിയുടെ കണക്കെടുപ്പ് നടത്തുകയുണ്ടായോ;

(സി) എങ്കിൽ ഗതാഗതയോഗ്യമല്ലാതായിരിക്കുന്ന പ്രസ്തുത റോഡിന്റെ അടിയന്തര അറ്റകുറ്റപ്പണികൾക്ക് അനുമതി നൽകുവാനും ഫണ്ട് ലഭ്യമാക്കുവാനും നടപടി സ്വീകരിക്കുമോ ?

**മറുപടി**

**ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്**
**(പൊതുമരാമത്ത് വകുപ്പുമന്ത്രി)**

(എ) യും (ബി) യും (സി) യും

തൃക്കടാരിപ്പൊയിൽ - ഇടുമ്പ - കണ്ണവം റോഡ് നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്തിരുന്ന SLP(C) No.19380/2014 നമ്പർ കേസിന്റെ വാദം നടന്നു വരുന്നതേയുള്ളു. ബഹു. സുപ്രീം കോടതിയുടെ 27.04.2015-ലെ ഇടക്കാല ഉത്തരവ് പ്രകാരം കരാറുകാരൻ ചെയ്തു തീർത്ത പ്രവൃത്തിയുടെ കണക്കെടുപ്പ് നടത്തി വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കുവാൻ 19.05.2015-ലെ 31304/പി.എസ്2/13/പൊ.മ.വ നമ്പർ കത്ത് പ്രകാരം പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ, കോഴിക്കോട് നിരത്ത് വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർ, കണ്ണൂർ നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ കേസ് 13.07.2015-ന് പരിഗണനയ്ക്കായി വച്ചിട്ടുണ്ട്. കേസ് പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ